"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി 2023 മെയ് 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.53/2023/TRANS തീയതി,തിരുവനന്തപുരം, 07-02-2023

---

പരാമർശം:- കേരള എയ്ഡഡ് (പ്രൈമറി) സ്കൂൾ മാനേജേർസ് അസോസിയേഷൻ സമർപ്പിച്ച 07/01/2023-ലെ നിവേദനം

**<u>ഉത്തരവ്</u>**

കോവിഡ്-19 മഹാമാരിക്കുശേഷം 2021 നവംബർ മാസം മുതൽ കേരളത്തിലെ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കാൻ ആരംഭിച്ചിരുന്നു. വിദ്യാലയങ്ങളുടെ പ്രവർത്തനം പൂർണ്ണതോതിലായ 2022 ഫെബ്രുവരി മാസം മുതലാണ് സ്ക്കൂൾ വാഹനങ്ങളുടെ ഫിറ്റ്നെസ് എടുത്തിട്ടുള്ളത്. 2023 ഫെബ്രുവരിയിൽ പ്രസ്തുത വാഹനങ്ങളുടെ ഫിറ്റ്നസ് പുതുക്കുന്നതിന് വേണ്ടി വാഹനങ്ങളുടെ ബോഡി റിപ്പയറിംഗ്, പെയിന്റിംഗ് അറ്റകുറ്റപണികൾ എന്നിവയ്ക്ക് കാലതാമസമെടുക്കുന്നത് സ്കൂളുകളുടെ പ്രവർത്തനത്തിനെ ബാധിക്കുകയും തുടർന്നുള്ള എല്ലാ അദ്ധ്യയന വർഷത്തിലെയും ഫെബ്രുവരി മാസത്തിൽ ഇത്തരം ബുദ്ധിമുട്ട് ആവർത്തിക്കപ്പെടുമെന്നതിനാലും സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 2023 മാർച്ച് 31 വരെ നീട്ടി സ്ക്കൂൾ അവധി കാലമായ ഏപ്രിൽ, മെയ് മാസങ്ങളിൽ റിപ്പയറിംഗ് നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പുതുക്കാനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം കേരള എയ്ഡഡ് (പ്രൈമറി) സ്കൂൾ മാനേജേർസ് അസോസിയേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, വിദ്യാർത്ഥികളുടെയോ പൊതുജനങ്ങളുടെയോ സുരക്ഷയ്ക്ക് യാതൊരു ഭംഗവും വരാത്ത രീതിയിൽ പൂർണ്ണമായും പ്രവർത്തന ക്ഷമമായ വാഹനങ്ങൾ മാത്രം ഉപയോഗിച്ച് സർവ്വീസ് നടത്തുമെന്ന് ഉറപ്പാക്കുന്നത് അതാത് സ്കൂൾ മാനേജ്മെന്റുകളുടെയും അധികാരികളുടെയും പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, വിദ്യാർത്ഥികളുടെ യാത്രാസൗകര്യം ഉറപ്പാക്കുന്നതിന് സ്കൂൾ അധികൃതരുടെ പ്രായോഗികബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂൾ വാഹനങ്ങളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 2023 മെയ് 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്:-
ഗതാഗത കമ്മീഷണർ
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ